# കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ

കെ.പി.എഫ്.സി ഭവനം, സി.വി രാമൻപിള്ള റോഡ്,
വെള്ളയമ്പലം, തിരുവനന്തപുരം, കേരള, പിൻ- 695 010
ഫോൺ:0471 2735544, ഫാക്സ്: 0471 2735599,
വെബ്സൈറ്റ്: www.erckerala.org ഇ-മെയിൽ: kserc@erckerala.org


തീയതി :09.01.2023

## പത്രക്കുറിപ്പ്

കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡ്, 2021 ഒക്ടോബർ മുതൽ 2021 ഡിസംബർ വരെയും 2022 ജനുവരി മുതൽ 2022 മാർച്ച് വരെയും 2022 ഏപ്രിൽ മുതൽ 2022 ജൂൺ വരെയുള്ളതുമായ കാലയളവിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനും വാങ്ങുന്നതിനും, കമ്മീഷൻ അംഗീകരിച്ച ഇന്ധനചിലവിനേക്കാൾ, ഇന്ധന വിലയിലുണ്ടായ വർദ്ധനവ് മൂലമുണ്ടായ അധികബാധ്യത ഇന്ധന സർചാർജ്ജായി ഉപഭോക്താക്കളിൽ നിന്നും ഈടാക്കാനുള്ള അപേക്ഷ കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ മുൻപാകെ യഥാക്രമം 17.03.2022നും, 22.09.2022നും, 17.11.2022നും സമർപ്പിച്ചിട്ടുണ്ട്. ടി പെറ്റീഷനുകൾ (OP No. 71/2022, OP No. 74/2022 & OP No. 76/2022) കമ്മീഷന്റെ വെബ്സൈറ്റിൽ (www.erckerala.org) ലഭ്യമാണ്. ഇതു സംബന്ധിച്ച് പൊതുജനങ്ങളുടെ അഭിപ്രായം തേടുന്നതിനുള്ള പൊതുതെളിവെടുപ്പ് 18.01.2023ന് രാവിലെ 11:00 മണിക്ക് വീഡിയോ കോൺഫ്രറൻസ് മുഖാന്തിരം കമ്മീഷൻ നടത്തുന്നതാണ്. പ്രസ്തുത പൊതു തെളിവെടുപ്പിൽ പങ്കെടുക്കുവാൻ താൽപ്പര്യം ഉള്ളവർ 17.01.2023ന് ഉച്ചയ്ക്ക് 12 മണിക്ക് മുൻപായി, പേരും വിശദവിവരങ്ങളും ഫോൺ നമ്പർ സഹിതം കമ്മീഷൻ സെക്രട്ടറിയെ kserc@erckerala.org എന്ന ഇ-മെയിൽ മുഖാന്തിരം അറിയിക്കേണ്ടതാണ്. കൂടാതെ തപാൽ മുഖേനയും ഇ-മെയിൽ (kserc@erckerala.org) മുഖേനയും പൊതുജനങ്ങൾക്ക് അഭിപ്രായങ്ങൾ രേഖപ്പെടുത്താവുന്നതാണ്. തപാൽ/ ഇ-മെയിൽ (kserc@erckerala.org) മുഖേന അയയ്ക്കുന്ന അഭിപ്രായങ്ങൾ സെക്രട്ടറി, കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, കെ.പി.എഫ്.സി ഭവനം, സി.വി.രാമൻപിള്ള റോഡ്, വെള്ളയമ്പലം, തിരുവനന്തപുരം 695 010 എന്ന വിലാസത്തിൽ 18.01.2023, 05:00 PM വരെ സ്വീകരിക്കുന്നതാണ്.

സെക്രട്ടറി